"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി റീന എൻ,ശ്രീമതി പ്രിയാകുമാരി പി. ജെ എന്നിവരുടെ അന്യത്ര സേവനകാലാവധി 02.11.2024 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1962/2024/LSGD തീയതി,തിരുവനന്തപുരം, 17-10-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം. 2123/2023/ത.സ്വ.ഭ.വ. തീയതി 30.10.2023 സർക്കാർ ഉത്തരവ്
2. തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറുടെ 09.08.2024-ലെ LSGD/PD/28815/2024-DEB2 നമ്പർ കത്ത്
3. തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറുടെ 17.08.2024 തീയതിയിലെ LSGD/PD/29426/2024-DEB2 നമ്പർ കത്ത്
4. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 23.08.2024ലെ SEC/641/2018-A1 , SEC/502/2018-A1 നമ്പർ കത്തുകൾ

**ഉത്തരവ്**

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ പരാമർശം-1 ലെ സർക്കാർ ഉത്തരവ് പ്രകാരം അന്യത്ര സേവനവ്യവസ്ഥയിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമ പഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് ആയ ശ്രീമതി. റീന എൻ, ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലർക്ക് ആയ ശ്രീമതി. പ്രിയാകുമാരി പി. ജെ എന്നിവരുടെ അന്യത്ര സേവനകാലാവധി 01.11.2024-ൽ അവസാനിക്കുകയാണെന്നും 02.11.2024 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (4) പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ശ്രീമതി റീന എൻ, ശ്രീമതി പ്രിയാകുമാരി പി. ജെ എന്നിവരുടെ അന്യത്ര സേവനകാലാവധി 02.11.2024 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കുന്നതിന് തദ്ദേശ

സ്വയംഭരണ വകുപ്പിന് ആക്ഷേപമില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2),(3) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി റീന എൻ, ശ്രീമതി. പ്രിയാകുമാരി പി ജെ എന്നിവരുടെ അന്യത്ര സേവനകാലാവധി നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 02.11.2024 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീമതി റീന എൻ, അസിസ്റ്റന്റ്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

ശ്രീമതി പ്രിയാകുമാരി പി ജെ, അസിസ്റ്റന്റ്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകപ്പ് (ആലപ്പുഴ / മലപ്പുറം)

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar D
Date: 18-10-2024 14:16:34

സെക്ഷൻ ഓഫീസർ